# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3790 20/07/2015 ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ മെനു വിശദമാക്കാമോ;

എ) വൈവിദ്ധ്യമുള്ളതും, പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസത്തേക്കും ക്രമപ്പെടുത്തുന്ന രീതിയിൽ മെനു നിശ്ചയിക്കുവാൻ അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പുവരുത്തുന്നതിനു പ്രാദേശിക സാഹചര്യം, ഫണ്ടിന്റെ ലഭ്യത എന്നിവയും കേന്ദ്ര / സംസ്ഥാന സർക്കാറുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവു പ്രകാരം കുട്ടികൾക്കു ലഭിക്കേണ്ടുന്ന കലോറിമൂല്യം, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്കവിധത്തിൽ മെനു നിശ്ചയിക്കുവാൻ സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ മാനദണ്ഡപ്രകാരം താഴെപ്പറയുന്ന കലോറി മൂല്യം, പ്രോട്ടീൻ എന്നിവ കുട്ടികൾക്ക് ലഭിക്കേണ്ടതാണ്.

| ആഹാരം | അളവ് (ഗ്രാമിൽ) | കലോറി | പ്രോട്ടീൻ (ഗ്രാമിൽ) |
|---|---|---|---|
| അരി | 100 | 340 | 8 |
| പയറുവർഗ്ഗങ്ങൾ | 20 | 70 | 5 |
| പച്ചക്കറി (ഇലവർഗ്ഗങ്ങൾ ഉൾപ്പെടെ) | 50 | 25 | |
| എണ്ണയും കൊഴുപ്പും | 5 | 45 | |

ബി) പ്രസ്തുത മെനു പ്രകാരമുള്ള ഉച്ചഭക്ഷണവിതരണം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

ബി) നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല

സി) ഉച്ചഭക്ഷണ വിതരണത്തിന് വിദ്യാർത്ഥി ഒന്നിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ്;

സി) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും, 200/- രൂപ പാചകക്കൂലിയും; 151 മുതൽ

500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപ (പാചകക്കൂലി ഉൾപ്പെടെ); 501-നു മുകളിൽ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6/- രൂപയും; 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ) എന്ന നിരക്കിൽ നിലവിൽ പ്രവൃത്തി ദിവസം നൽകിവരുന്നു.

ഡി) പ്രസ്തുത തുക കാലോചിതമായി ഉയർത്തുന്നതിനും ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

ഡി) പലവ്യഞ്ജനങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചകച്ചെലവിന് നിലവിൽ കുട്ടിയൊന്നിന് 5/-, 6/- രൂപ നിരക്കിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുവാൻ വിവിധ ഭാഗത്തുനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന തുക 7/- രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ